**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 142** **27-06-2022 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി ജോയി,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2016 ഫെബ്രുവരി 2-ാം തീയതി അവതരിപ്പിച്ച ബജറ്റിൽ 174-ാം ഖണ്ഡികയിലെ തിരുവനന്തപുരം-കണ്ണൂർ അതിവേഗ റെയിൽ ഇടനാഴിയുടെ സാദ്ധ്യതാ പഠനം പ്രസ്തുത വർഷം തന്നെ പൂർത്തിയാക്കുന്നതാണെന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിരുന്നോ; അന്നത്തെ ഭരണപക്ഷ നേതൃത്വത്തിലെ ആരെങ്കിലുമോ പരിസ്ഥിതി സംരക്ഷകരെന്ന പേരിൽ ഇപ്പോൾ സിൽവർ ലൈനിനെതിരെ എതിർപ്പുയർത്തുന്ന ആരെങ്കിലുമോ ഈ സാദ്ധ്യതാ പഠനത്തോട് അക്കാലത്ത് പ്രതിഷേധം ഉയർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനമാണ് ഈ പദ്ധതിയുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തിയത്. ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | കെ-റെയിൽ നടത്തിയ തുറന്ന വാദത്തിൽ ജനസമക്ഷം തങ്ങൾക്കുപറയാനുള്ളത് അവതരിപ്പിക്കാൻ തയ്യാറാകാത്തവർ ചില സംഘടനകളെയുൾപ്പെടുത്തി കലാപവും സംഘർഷവും സൃഷ്ടിച്ചിരുന്നോ; | (ബി) | പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധ കോണുകളിൽ നിന്ന് ഉയർന്ന ആശങ്കകളും സംശയങ്ങളും പരിഹരിക്കുന്നതിനാണ് ജനസമക്ഷം പരിപാടി സംഘടിപ്പിച്ചത്. എന്നാൽ മറ്റു ജില്ലകളിൽ വൻ വിജയമായ പരിപാടി അലങ്കോലപ്പെടുത്തുവാൻ കണ്ണൂർ ജില്ലയിലെ ചില സംഘടനകൾ ബോധപൂർവ്വമായി ശ്രമം നടത്തി. എന്നാൽ പദ്ധതിയെക്കുറിച്ച് ഉയർന്ന സംശയങ്ങൾക്ക് വ്യക്തമായ മറുപടി പരിപാടിയിൽ നൽകുകയുണ്ടായി. യോഗത്തിൽ പങ്കെടുത്തവർ പദ്ധതിക്ക് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്തിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാരിന്റെ നയത്തിനനുസൃതമായ അർദ്ധ അതിവേഗ റെയിൽപ്പാതക്കെതിരെ ഒരു കേന്ദ്ര സഹമന്ത്രി പരസ്യമായി ഇടപെടൽ നടത്തുന്നത് പരിശോധിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാന വികസനത്തിന്റെ ചാലക ശക്തിയായിത്തീരുമെന്നുറപ്പുള്ള ഈ പദ്ധതിക്ക് | (ഡി) | സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ (പുതിയ പാത നിർമ്മാണം) പുരോഗതിയ്ക്കും വികസനത്തിനും |

| | | | |
|---|---|---|---|
| | കാലവിളംബം കൂടാതെ കേന്ദ്ര സർക്കാരിന്റെ അനുമതി നേടിയെടുക്കാൻ ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ? | | പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ഇടപെടലുകൾ യഥാസമയം നടത്തിവരികയാണ്. റെയിൽവേയുടെ മുഖ്യ അടിസ്ഥാന സൗകര്യ വികസനത്തിന്റെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു മായി സംസ്ഥാന മുഖ്യമന്ത്രി പ്രധാനമന്ത്രിയുമായും, സംസ്ഥാന ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാനുമായും, ദക്ഷിണ റെയിൽവേ ജനറൽ മാനേജറുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത ചർച്ചകളിൽ കേരളത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ടുള്ള പാത ഇരട്ടിപ്പിക്കൽ, പുതിയ ലൈനുകളുടെ നിർമ്മാണം തുടങ്ങിയവ വിഷയങ്ങളായിരുന്നു. ഇതു കൂടാതെ, സിൽവർ ലൈൻ (അർദ്ധ അതിവേഗ റെയിൽ പാത) ആയിരുന്നു പ്രധാന അജണ്ടയായി വന്നിട്ടുള്ളത്. പ്രധാന മന്ത്രിയുമായുള്ള ചർച്ചയിലും കേന്ദ്ര റെയിൽവേ മന്ത്രിയുമായുള്ള ചർച്ചയിലും പ്രസ്തുത വിഷയത്തിൽ ഊന്നൽ നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ